©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ഞായർ<br>Thiruvananthapuram,<br>Sunday | 2021 നവംബർ 14<br>14th November 2021<br>1197 തുലാം 29<br>29th Thulam 1197<br>1943 കാർത്തികം 23<br>23rd Karthika 1943 | നമ്പർ<br>No. | 3335 |

### കേരള സർക്കാർ

### നിയമ (നിയമനിർമ്മാണ-ബി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 9042/ലെഗ്.ബി2/2020/നിയമം.

*തിരുവനന്തപുരം, 2021 നവംബർ 14*
*1197 തുലാം 29*
*1943 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 നവംബർ 13-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. ഹരി നായർ,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# 2021-ലെ 15-ാം ആക്റ്റ്

## 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്

വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം സംബന്ധിച്ചും അവരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ചും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ജനുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) “സർവ്വീസുകൾ" എന്നാൽ വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു;

(ഡി) “വഖഫ് ബോർഡ്" എന്നാൽ 1995-ലെ വഖഫ് ആക്റ്റിലെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന വഖഫ് ബോർഡ് എന്നർത്ഥമാകുന്നു.

3. <u>വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളെ സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ</u>.—(1) വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ടുള്ള നിയമനം വഴി നിയമിക്കുന്നതിനു വേണ്ടി മുസ്ലീം സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) വഖഫ് ബോർഡ്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) വഖഫ് ബോർഡിന്റെ കീഴിലുള്ള ഭരണപരമായ സർവ്വീസുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം സംബന്ധിച്ച കാര്യങ്ങളിലും;

(ബി) വഖഫ് ബോർഡിനുകീഴിലെ ഭരണപരമായ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതും, അപ്രകാരം കൂടിയാലോചിക്കപ്പെടുന്ന ഏതൊരു കാര്യത്തിൻമേലും ഉപദേശം നൽകേണ്ടത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ കർത്തവ്യമായിരിക്കുന്നതുമാണ്:

എന്നാൽ, സാമാന്യമായതോ ഏതെങ്കിലും പ്രത്യേക സംഗതിയിലോ പ്രത്യേക വിഭാഗം സംഗതികളിലോ ഏതെങ്കിലും പ്രത്യേക സാഹചര്യത്തിലോ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത സംഗതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്ന ചട്ടങ്ങൾ സർക്കാരിന് ഉണ്ടാക്കാവുന്നതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും വഖഫ് ബോർഡും തമ്മിൽ ഏതെങ്കിലും കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസമുള്ള പക്ഷം, വഖഫ് ബോർഡ് ആ കാര്യം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനം എടുക്കുന്നതിനു മുമ്പ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.-(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും വഖഫ് ബോർഡുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,-

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് വഖഫ് ബോർഡ് അനുവർത്തിക്കേണ്ടതായ നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന കാര്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2021-ലെ 118) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

**Law (Legislation-B) Department**

NOTIFICATION

No. 9042/Leg.B2/2020/Law. *Dated, Thiruvananthapuram, 14th November, 2021*
*29th Thulam, 1197*
*23rd Karthika, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor is pleased to authorise the publication in the Gazette of the following translation in English language of the Kerala Public Service Commission (Additional Functions as respects the services under the Waqf Board) Act, 2021 (15 of 2021).

By order of the Governor,
V. HARI NAIR,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of "2021-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്" published under the authority of the Governor.]

# ACT 15 OF 2021

## THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES UNDER THE WAQF BOARD) ACT, 2021

*An Act to provide for the exercise of certain additional functions by the Kerala Public Service Commission as respects the Administrative Services under the Waqf Board.*

*Preamble.*—WHEREAS, it is expedient to provide for the exercise of certain additional functions by the Kerala Public Service Commission as respects the recruitment and appointment of officers and employees in the Administrative Services of the Waqf Board and their conditions of service;

BE it enacted in the Seventy-second Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Public Service Commission (Additional Functions as respects the services under the Waqf Board) Act, 2021.

(2) It shall be deemed to have come into force on the 18th day of January, 2021.

2. *Definitions.*—In this Act, unless the context otherwise requires,—

(a) "Government" means the Government of Kerala;

(b) "Public Service Commission" means the Kerala Public Service Commission;

(c) "services" means the services under the Waqf Board;

(d) "Waqf Board" means the Kerala State Waqf Board established under sub-section (1) of section 13 of the Waqf Act, 1995 (Central Act 43 of 1995).

3. *Functions of the Public Service Commission in respect of Administrative Services under the Waqf Board.*—(1) It shall be the duty of the Public Service Commission to prepare select list

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

of candidates belonging to Muslim Religion for appointment by direct recruitment, of all officers and employees in the Administrative Services under the Waqf Board.

(2) The Waqf Board shall consult the Public Service Commission,—

(a) on matters relating to direct recruitment to the posts under the Administrative Services under the Waqf Board;

(b) on the principles to be followed in making appointments by direct recruitment to the posts under the Administrative Services of the Waqf Board and on the suitability of candidates for such appointments;

and it shall be the duty of the Public Service Commission to advice on any matter so referred to them:

Provided that the Government may make rules specifying the matters in which, either generally or in any particular case or class of cases or in any particular circumstances, it shall not be necessary for the Public Service Commission to be consulted;

(3) In the case of any difference of opinion between the Public Service Commission and the Waqf Board on any matter, the Waqf Board shall refer the matter to the Government and the decision of the Government thereon shall be final:

Provided that the Government, before taking a decision against the advice of the Public Service Commission, shall refer the matter to the Public Service Commission.

4. *Power to make rules*.—(1) The Government may, in consultation with the Public Service Commission and the Waqf Board by notification in the Gazette, make rules for carrying out the purposes of this Act.

(2) In particular, and without prejudice to the generality of the foregoing power, such rules may provide for,—

(a) the procedure to be followed by the Waqf Board for consultation with the Public Service Commission;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(b) any matter which is incidental to, or necessary for, the purpose of consultation with the Public Service Commission;

(3) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if, before the expiry of the session in which it is so laid, or the session immediately following the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however; that any such modification or annulment shall be without prejudice to the validity of anything previously done under that rule.

5. *Repeal and saving.*—(1) The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance, 2021 (118 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance shall be deemed to have been done or taken under this Act.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.11.14 07:11:29 +05:30

5/3338/2021.